ജി. ഒ. (എംഎസ്.) 313/04/പൊ.വി.വ. തീയതി 11-10-2004 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഗ്രേസ്മാർക്ക് നൽകുന്നതിനാൽ കായികതാരങ്ങളുടെ ഉപരിപഠനത്തെ ബാധിക്കുന്നില്ല.

(ഇ) കായികതാരങ്ങളുടെ ഉപരിപഠനത്തിന് സംസ്ഥാന തലത്തിൽ 1, 2, 3 സ്ഥാനങ്ങൾക്ക് യഥാക്രമം 5, 5, 3 ശതമാനം ഗ്രേസ് മാർക്ക് നൽകുന്നു. മാത്രമല്ല ഏതെങ്കിലും ഒരു സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക് മിനിമം ഡി+ മാർക്ക് ലഭിക്കുവാൻ വേണ്ടി 10% വരെ ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്. ദേശീയതലത്തിൽ 1, 2, 3, സ്ഥാനങ്ങൾക്ക് യഥാക്രമം 15, 13, 11 ശതമാനം വീതവും പങ്കാളിത്തത്തിന് 10% ഉം ഗ്രേസ് മാർക്ക് നൽകുന്നു. കൂടാതെ അന്താരാഷ്ട്രതല പങ്കാളിത്തത്തിന് 20% ഗ്രേസ് മാർക്ക് അനുവദിച്ചു നൽകുന്നുണ്ട്. അതിനാൽ കായികതാരങ്ങളുടെ ഉപരിപഠനം സുരക്ഷിതമാകുന്നു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാരിന്റെ സേവന നികുതി പിൻവലിപ്പിക്കാൻ നടപടി

44 [1446] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ കേന്ദ്ര സർക്കാർ സേവന നികുതി ചുമത്തിയത് പിൻവലിപ്പിക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സേവന നികുതിയുമായി ബന്ധപ്പെട്ട് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാൻ കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി മജിസ്റ്റർ ചെയ്ത് സേവന നികുതിയിൽ നിന്നും വിമുക്തമാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ)—(ഡി) വിഷയം നികുതി വകുപ്പിന്റെ പരിഗണനയിലാകയാൽ വിവരം ശേഖരിച്ച് നൽകുന്നതാണ്.

2/2313/2012/DTP

LIBRARY ARCHIVES Kerala Legislative Assembly